GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/08/2026

1) സംസ്ഥാനത്ത് 2026 ജൂലൈ 29 മുതൽ ആഗസ്റ്റ് 10 വരെ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസമായി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിനും വിള ഇൻഷുറൻസ് നഷ്ടപരിഹാരത്തിനും അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി സെപ്റ്റംബർ 5 വരെ നീട്ടിയതായി കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് അറിയിച്ചു. ഇതുവരെ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത അർഹരായ എല്ലാ കർഷകർക്കും സെപ്റ്റംബർ 5-നകം AIMS പോർട്ടൽ വഴിയോ സമീപത്തെ കൃഷിഭവനുമായി ബന്ധപ്പെട്ടോ അപേക്ഷ സമർപ്പിക്കാം.

2) ക്ഷീരവികസന വകുപ്പിന്റെ 2026-27 സാമ്പത്തിക വർഷത്തിലെ തീറ്റപ്പുൽ ഘടകത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ

താൽപ്പര്യമുള്ളവരിൽ നിന്നും ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 20 സെന്റിന് മുകളിലുള്ള പുൽകൃഷി, തരിശുഭൂമിയിലുള്ള പുൽകൃഷി, ചോളകൃഷി എന്നീ പദ്ധതികളും പുൽ കൃഷിക്ക് വേണ്ടിയുള്ള യന്ത്രവൽകരണ ധനസഹായം, ജലസേചന ധനസഹായം എന്നിവയും ഗ്രൂപ്പുകൾക്ക് തീറ്റപ്പുൽ വിതരണ യൂണിറ്റുകൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുന്നതാണ് പുൽകൃഷി വികസന പദ്ധതി. ക്ഷീരവികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ആഗസ്റ്റ് 20 വരെ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവൃത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുമായി 0486222099 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാല സംഘടിപ്പിക്കുന്ന **"സർട്ടിഫൈഡ് പ്രൊഫഷണൽ ഡോഗ് ട്രെയിനിംഗ് പ്രോഗ്രാം - അനുസരണം, ഗ്രൂമിംഗ്, ഡിറ്റക്ഷൻ"** എന്ന ആറാഴ്ച നീളുന്ന പരിശീലന പരിപാടിയിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ, പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകുന്ന ഈ പരിപാടി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരീക്ഷയ്ക്കുശേഷം സർവകലാശാലയുടെ അംഗീകൃത നായ പരിശീലകൻ സർട്ടിഫിക്കറ്റ്

ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447237868, 9605860005 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4) ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ കർഷകരും ഇന്നു മുതൽ സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റിലൂടെയോ അപേക്ഷ സമർപ്പിക്കാം. ഓരോ പാട ശേഖരത്തിനും, നെല്ലിനത്തിനും, ഭൂമി രീതിക്കും വെവ്വേറേ അപേക്ഷകൾ സമർപ്പിക്കണം.

5) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കൂൺ കൃഷി"** എന്ന വിഷയത്തിൽ 2026 ആഗസ്റ്റ് 19ന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9400483754 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6) 'വ്യാവസായിക അടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ' എന്ന വിഷയത്തിൽ ആതവനാട് മൃഗസംരക്ഷണ

പരിശീലനകേന്ദ്രത്തിൽ വെച്ച് 2026 ആഗസ്റ്റ് 20, 21 തിയ്യതികളിൽ രാവിലെ 10 മണി മുതൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0494-2962296** എന്ന നമ്പരിൽ ബന്ധപ്പെടുക.

7) 2026-27 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യ തൊഴിലാളികളുടെ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് (എഫ് ഐ എം എസ്) ഐഡന്റിഫിക്കേഷൻ നമ്പർ ലഭിച്ചിട്ടുള്ളതും ലൈഫ് ഭവന പദ്ധതി മുഖേനയോ, സർക്കാരിന്റെ മറ്റേതെങ്കിലും ഭവന പുനരുദ്ധാരണ/പുനർ നിർമ്മാണ പദ്ധതി മുഖേനയോ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിക്കാത്തതുമായ മത്സ്യത്തൊഴിലാളികൾക്കും പെൻഷണർമാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ് . വീടിന് കുറഞ്ഞത് എട്ട് വർഷത്തെ എങ്കിലും കാലപ്പഴക്കമുണ്ടാകണം. അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ആഗസ്റ്റ് 31 വൈകുന്നേരം അഞ്ച് മണിക്കകം മത്സ്യഭവനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി 0477-2251103 എന്ന ഫോൺ ബന്ധപ്പെടുക.

8) കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ കോഴിക്കോട് വേങ്ങേരി തടമ്പാട്ടുതാഴത്ത് പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ വിവിധയിനം ഫലവൃക്ഷ തൈകൾ മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക 0495 2935850 / 9188223584 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.